ഉത്തരം

അതതു സർവ്വകലാശാലകളാണ് ഇക്കാര്യത്തിൽ തിരുമാനമെടുക്കേണ്ടത്. ഇക്കാര്യത്തിൽ ഗവൺമെൻറ് തലത്തിൽ നടപടിയാവശ്യമില്ല.

ചീക്കോത്ത് എൽ. പി. സ്ക്കൂളിനു കെട്ടിടം

945. [1386] ശ്രീ. കെ. ടി. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര വിദ്യാഭ്യാസ ജില്ലയിലെ ചീക്കോത്ത് എൽ. പി. സ്ക്കൂളിന് പുതുതായി അനുവദിച്ചു കിട്ടിയ കെട്ടിടത്തിന് ആസ്ബസ്റോസ് ഷീറ്റ് കിട്ടാത്തതിന്റെ പേരിൽ പണി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്ക്കൂൾ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കാൻ വേണ്ടി ആസ്ബസ്റോസ് ഷീറ്റ് അനുവദിച്ചു കൊടുക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കഴിവതും വേഗം വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കാൻ പൊതുമരാമത്തു വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കല്ലായി ഗവൺമെൻറ് കോമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിന് കെട്ടിടം പണി

946. [1387] ശ്രീ. കെ. ടി. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്ലായി ഗവൺമെൻറ് കോമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടം പണിയാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ നടപടികൾ എത്രത്തോളമായെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുവാൻ അനുയോജ്യമായ സ്ഥലം കണ്ടുപിടിക്കാൻ ശ്രമിക്കുന്നു. സ്ഥലം കൈവശം കിട്ടിയാലുടൻ കെട്ടിടം പണിയുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ട്രൈബൽ ഹൈസ്ക്കൂൾ

947. [1388] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതൂർ ട്രൈബൽ ഹൈസ്ക്കൂളിൽ എത്ര വിദ്യാർത്ഥികളുണ്ട് ;

(ബി) ഹൈസ്ക്കൂൾ, പ്രൈമറി വിഭാഗങ്ങളിൽ എത്ര അദ്ധ്യാപകരുടെയും പ്യൂൺമാരുടെയും തസ്തികകൾ ആണ് അനുവദിച്ചിട്ടുള്ളത് ;

(സി) 1986 ജൂലായ്, ആഗസ്റ്റ്, സെപ്റ്റംബർ എന്നീ മാസങ്ങളിൽ എത്ര അദ്ധ്യാപകരും മറ്റു ജീവനക്കാരും ഉണ്ടായിരുന്നു ;

(ഡി) ഇവിടെ തമിഴ് മീഡിയത്തിൽ അദ്ധ്യാപകൻ നിലവിലുണ്ടോ ;

(ഇ) ഈ സ്ക്കൂളിലെ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ താൽക്കാലികമായെങ്കിലും അദ്ധ്യാപകരെയും മറ്റ് ജീവനക്കാരെയും അടിയന്തിരമായി നിയമിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇവിടെ തസ്തികകളും ഒഴിഞ്ഞു കിടക്കുന്നതിന് ഏതെങ്കിലും ഉദ്യോഗസ്ഥൻമാർ കാരണക്കാരാണെങ്കിൽ അവരുടെ പേരിൽ നടപടികളും സ്വീകരിക്കുമോ ?

ഉത്തരം

(എ) 484

(ബി) പ്രൈമറി—14
ഹൈസ്ക്കൂൾ—10
പ്യൂൺ—2

(സി) അദ്ധ്യാപകർ—19
(ഹെഡ്മാസ്റ്റർ ഉൾപ്പെടെ)
പ്യൂൺ—1

(ഡി) ഉണ്ട്. അഞ്ചു യു. പി. സ്ക്കൂളും അദ്ധ്യാപകരും ഒരു ഹൈസ്ക്കൂളും അദ്ധ്യാപകനും ഉണ്ട്.

(ഇ) ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ താൽക്കാലികമായി നിയമനം നടത്തുന്നതിന് നടപടികളും എടുത്തുവരുന്നുണ്ട്.

(എഫ്). 'ഇ' വിഭാഗം ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

മുളിക്കമാലി ഗവൺമെന്റ് ഹൈസ്ക്കൂളിന് പുതിയ കെട്ടിടം

948. [1389] ശ്രീ. ബെന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുളിക്കമാലി ഗവൺമെന്റ് ഹൈസ്ക്കൂളിന് പുതിയ കെട്ടിടം പണിയണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ പ്രവർത്തനം എന്ന് തുടങ്ങുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സാമ്പത്തിക ലഭ്യതയനുസരിച്ചും / മുൻഗണനാക്രമമനുസരിച്ചും കെട്ടിടം പണിയുന്നതാണ്.

പാംപാക്കുട ഗവ. ഹൈസ്ക്കൂളിന് പുതിയ കെട്ടിടം

949. [1390] ശ്രീ. ബെന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാംപാക്കുട ഗവ. ഹൈസ്ക്കൂളിന് പുതിയ കെട്ടിടം പണിയണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ പ്രവർത്തനം എന്ന് തുടങ്ങുമെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly